**'ഭരണഭാഷ മാതൃഭാഷ'**

DCETVM/803/2026-B2

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :- 09-05-2026

**പരിപത്രം**

വിഷയം : കോളേജ് വിദ്യാഭ്യാസ വകുപ്പ് -തിരുവനന്തപുരം -അദ്ധ്യാപക ജീവനകാര്യം - പൊതുസ്ഥലമാറ്റം 2026-2027-അധ്യാപകരിൽ നിന്നും പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നത്-സംബന്ധിച്ച്

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ, ട്രെയിനിങ് കോളേജുകൾ, സംഗീത കോളേജുകൾ, സംസ്കൃത കോളേജുകൾ, ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകരിൽ നിന്നും, സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, സർക്കാർ പോളിടെക്നിക് കോളേജുകൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, സർക്കാർ ആയുർവേദ കോളേജുകൾ, സർക്കാർ ലോ കോളേജുകൾ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അധ്യാപകരിൽ നിന്നും 2026-27 അക്കാദമിക് വർഷത്തിലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ഓൺലൈനായി ക്ഷണിക്കുന്നു.

അപേക്ഷകർ താഴെ കൊടുത്തിരിക്കുന്ന ഓൺലൈൻ ലിങ്ക് മുഖേന സ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷ സമർപ്പിക്കാവുന്ന അവസാന തീയതി: 18.05.2026 5.00 pm.

പ്രിൻസിപ്പൽമാർ അപേക്ഷകൾ പരിശോധിച്ച് 23.05.2026 5.00 pm മുൻപായി അംഗീകാരം നൽകേണ്ടതാണ്. നിശ്ചിത സമയം കഴിഞ്ഞു ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**ഓൺലൈൻ ലിങ്ക്:** http://117.241.78.85/establishment2026/

സ്ഥലംമാറ്റത്തിന് ഏതെങ്കിലും തരത്തിൽ മുൻഗണന ലഭിക്കാൻ അർഹതയുള്ള അധ്യാപകർ വ്യക്തമായ വിവരം അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും, ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. അല്ലാത്ത പക്ഷം മുൻഗണന നൽകുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതല്ല.

ഹോം സ്റ്റേഷൻ തിരഞ്ഞെടുക്കുന്നതിനും, നേരത്തെ തിരഞ്ഞെടുത്ത ഹോം സ്റ്റേഷൻ

മാറ്റുന്നതിനും ആഗ്രഹിക്കുന്ന അധ്യാപകർ ഹോം സ്റ്റേഷൻ മാറ്റുന്നതിനുള്ള അപേക്ഷകൾ സ്ഥലംമാറ്റത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഹോം സ്റ്റേഷൻ തിരഞ്ഞെടുക്കുന്നതും / മാറ്റുന്നതും നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും.

13.01.2026 ലെ സ.ഉ.(സാധാ) നം.52/2026/HEDN) നമ്പർ ഉത്തരവ് പ്രകാരം കോളേജുകളിൽ നിലനിൽക്കുന്ന അധിക അധ്യാപക തസ്തികകൾ പുനഃവിന്യാസം ചെയ്തിരിക്കുന്നതിനാൽ, നിലവിൽ അധിക തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകരെ പുനർവിന്യസിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ നിർബന്ധിത സ്ഥലംമാറ്റങ്ങൾ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ അനുസരിച്ച് നടത്തുന്നതാണ്. ഓരോ കോളേജിലും അനുവദനീയമായ തസ്തികകളിൽ മാത്രമേ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുകയുള്ളൂ.

ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന ഫോമിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ FYUGP കോർഡിനേറ്ററുടെയും വകുപ്പ് മേധാവിയുടെയും സാക്ഷ്യപ്പെടുത്തലോടുകൂടി, കോളേജ് പ്രിൻസിപ്പലിന്റെ മേലൊപ്പ് കൂടി **23.05.2026 5.00 pm ന്** മുൻപായി **dcegeneraltransfer@gmail.com** എന്ന ഇമെയിൽ വിലാസത്തിൽ അയച്ചു നൽകേണ്ടതാണ്.

Digitally signed by
SUDHIR K
Date: 09-05-2026
21:50:05

**സുധീർ കെ ഐ.എ.എസ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ